

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 ● ISSUE : 4 APRIL 2009

## എഡിറ്റോറിയൽ

## ദൈവശക്തിക്ക് എന്തു ചെയ്യണം?

നമ്മുടെ ദൈനംദിന ജീവിതത്തിൽ പല പ്രതിബന്ധങ്ങളും ഉണ്ടാകാം. എന്നാൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ നാം തളർന്നു പോകാതെ ദൈവത്തിൽ കൂടുതൽ ആശ്രയിക്കയാണു വേണ്ടത്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് പ്രയാസങ്ങൾ ഉണ്ടാവുകയില്ല എന്നല്ല, അവർക്ക് അതിനെ നേരിടാനുള്ള കരുത്തും അതിൽ നിന്നുള്ള വിടുതലും ദൈവം കൊടുക്കുമെന്ന് വിശ്വസിക്കാം.

സുപ്രസിദ്ധ ഗാനരചയിതാവായ ഫ്രാൻസ് ജോസഫ് ഹെയ്ഡൻ ഒരിക്കൽ സുഹൃത്തുക്കളോടു സംസാരിക്കുകയായിരുന്നു. ദീർഘനേരം ഗാനരചന നടത്തി മനസ്സു ക്ഷീണിക്കുമ്പോൾ പെട്ടെന്നുതന്നെ തന്റെ ആന്തരിക ശക്തി പുതുക്കുന്നതിന് അദ്ദേഹത്തിന് എങ്ങനെ സാധിക്കുന്നുവെന്ന് ഒരു സുഹൃത്തു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി നമുക്കു പ്രചോദനം തരുന്നതാണ്. അതിൽ അത്ഭുതകരമായി ഒന്നുമില്ല. ഒരു ഗാനരചന കഴിഞ്ഞ് വളരെ ക്ഷീണിതനായി എന്നെനിക്കു തോന്നുമ്പോൾ ഞാൻ മാറിയിരുന്നു പ്രാർത്ഥിക്കുന്നു. എത്രയോ ലളിതമായ പ്രതിവിധിയാണിത്. ഞാൻ ഒരിക്കലും അതിൽ പരാജയപ്പെട്ടിട്ടില്ല. ആവശ്യം വരുമ്പോഴെല്ലാം ദൈവത്തെ വിളിക്കുന്ന വിശ്വാസികൾക്ക് ഒരു കാര്യം തറപ്പിച്ചു പറയാൻ സാധിക്കും. ദൈവത്തിൽ നിന്നാണ് അവർ ശക്തി പ്രാപിക്കുന്നതെന്ന്.

ദൈവപുത്രനായ യേശുക്രിസ്തുപോലും ജീവിതത്തിൽ സമ്മർദ്ദങ്ങൾ നേരിട്ടപ്പോളെല്ലാം പ്രാർത്ഥനയിൽ മുഴുകിയ നിമിഷങ്ങൾ നമുക്ക് പാഠമായിരിക്കേണ്ടതാണ്. ആ മാതൃക നമുക്കു സ്വീകരിക്കരുതോ? മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണ്ടതിന് അവൻ അവരോട് ഒരു പമ പറഞ്ഞു. (ലൂക്കോ 18:1) നാം എങ്ങനെ പ്രാർത്ഥിക്കണമെന്ന് ക്രിസ്തു പഠിപ്പിച്ചു തന്നിട്ടുണ്ട്. നമ്മുടെ ജീവിത വിജയത്തിന് ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്ന് നിശ്ചയമില്ലാത്തതുകൊണ്ട് ദൈവഹിതമാരായാതെ ഒരു കാര്യത്തിനും തുനിയരുത്. നമുക്ക് നിശ്ചയമില്ലാത്തത് ദൈവത്തിനു നിശ്ചയമുണ്ടല്ലോ! അതറിയാനുള്ള വിശ്വാസികളുടെ ഏക മാർഗ്ഗം ദൈവസംസർഗ്ഗത്തിൽ കൂടുതൽ സമയം ചെലവഴിക്കുക എന്നതാണ്. എത്ര കൂടുതൽ സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ സാധിക്കുന്നുവോ അത്രയ്ക്ക് നീ ശക്തി പ്രാപിക്കും എന്നോർത്തു കൊള്ളുക. ■

## ഡോ. യാക്കൂബു മാർ ഐറേനിയസ് പുതിയ ഭദ്രാസന മെത്രാപ്പോലീത്ത



മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഡോ. ഐറേനിയസ്, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി ഏപ്രിൽ 1 (2009) മുതൽ നിയമിതനായി.

1949 ൽ കല്ലൂപ്പാറ അറുവീടൻ പള്ളിക്കൽ തെക്കുംതല വീട്ടിൽ ശ്രീ. ടി.ഒ. ചെറിയാന്റെയും കുഞ്ഞേലിയാമ്മയുടെയും മകനായി ജനിച്ചു. മെത്രാപ്പോലീത്തായ്ക്ക് തോമസ്, ജോയി, ജോസഫ് എന്നീ സഹോദരന്മാരും, അന്നമ്മ, ഏലിയാമ്മ എന്നീ സഹോദരിമാരും ഉണ്ട്. ഐറേനിയസ് മെത്രാപ്പോലീത്ത പത്തനാപുരം മൗണ്ട് താബോർ ദയറാംഗമാണ്. 8-2-1975 ൽ കശീശയായും, 18-12-92 ൽ റമ്പാനായും, 16-8-1993 ൽ എപ്പിസ്കോപ്പയായും, 27-8-2002 ൽ മെത്രാപ്പോലീത്തയായും അവരോധിക്കപ്പെട്ടു.

1967-70 ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഡിഗ്രിയും, ഫിലോസഫിയിലും ഇംഗ്ലീഷ് ലിറ്ററേച്ചറിലും പോസ്റ്റ് ഗ്രാജുവേഷനും ശേഷം ഇംഗ്ലീഷ് ലാംഗ്വേജിൽ ഡോക്ടറേറ്റു നേടി. 1993-94 ൽ അമേരിക്കയിലെ പ്രിൻസ്റ്റൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് സ്പിരിച്വൽ തിയോളജിയിൽ പോസ്റ്റ് ഗ്രാജ്വേഷനും നേടിയിട്ടുണ്ട്.

2005 മുതൽ ഓർത്തഡോക്സ് സിറിയൻ സൺഡേ സ്കൂളിന്റെ പ്രസിഡന്റ്, വെല്ലൂർ മെഡിക്കൽ കോളേജിന്റെ വൈസ് ചെയർമാൻ മുതലായ ചുമതലകൾ നിർവ്വഹിച്ചു വരുന്നു.

**മെത്രാപ്പോലീത്തായ്ക്ക് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ മംഗളാശംസകൾ!!**

## ഏറ്റവും സമ്പന്നനായ മനുഷ്യൻ

ഒന്നും ഇല്ലാഞ്ഞിട്ടും ധനികനെന്നു നടിക്കുന്നവൻ ഉണ്ട്. വളരെ ധനം ഉണ്ടായിട്ടും ദരിദ്രനെന്ന് നടിക്കുന്നവനും ഉണ്ട്. സദൃ. 13:7

അനേകവർഷങ്ങൾക്കുമുമ്പ് അടിമവ്യാപാരം നിലവിലിരുന്ന കാലത്ത് വലിയ തോട്ടം ഉടമസ്ഥൻ സ്വപ്നം കണ്ടു. പിറ്റെ ദിവസം രാവിലെ ആറുമണിക്ക് ആ സ്ഥലത്തുള്ള ഏറ്റവും സമ്പന്നനായ മനുഷ്യൻ മരിക്കുമെന്നായിരുന്നു സ്വപ്നം. അയാൾ ഞെട്ടിയുണർന്നപ്പോൾ മുതൽ വളരെ അസ്വസ്ഥനായി, എന്തെന്നാൽ ആ ദേശത്തുള്ള മറ്റാരെയുംകാൾ കൂടുതൽ സ്വത്ത് തനിക്കാണ് എന്ന് അയാൾക്കറിയാമായിരുന്നു. ഭാര്യയെ വിളിച്ചുണർത്തി ഈ കാര്യം പറഞ്ഞു. അതു വെറും സ്വപ്നമായിരുന്നുവെന്നുപറഞ്ഞ് അവൾ അയാളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. എങ്കിലും അയാളുടെ ഭയം മാറിയില്ല.

ശേഷം പേജ് 2-ൽ

വികാരിയുടെ കത്ത്

# നോമ്പും താഴ്മയും

**ദൈവത്തിനു മഹത്ത്വമുണ്ടാകട്ടെ!**

കർത്താവിൽ പ്രിയരേ,

നാമെല്ലാവരും വലിയനോമ്പ് ആചരിച്ചുവരികയാണല്ലോ. ഉപവാസത്തിലും, പ്രാർത്ഥനയിലും, ധ്യാനത്തിലും മുഴുകിയിരിക്കുന്ന ഈ ദിവസങ്ങളിൽ നമ്മുടെ ജീവിതത്തിലെ പാപങ്ങൾ കണ്ടുപിടിക്കുന്നതിനും, അവയെ ഉപേക്ഷിച്ച് ഒരു ജീവിതം കഴിക്കേണ്ടതിനും നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

നാം പാപങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യമായി നമ്മുടെ ഓർമ്മയിൽ വരുന്ന പാപങ്ങൾ ഇവയൊക്കെയായിരിക്കും. കൊലപാതകം, മോഷണം, വ്യഭിചാരം, അമ്മയപ്പന്മാരെ ബഹുമാനിക്കാതിരിക്ക ഇത്യാദി പാപങ്ങൾ. എന്നാൽ ഇവയിലെല്ലാം വലിയപാപമാണ് അഹങ്കാരം, നിഗളം, ഗർവ്വ്, ഉന്നതഭാവം. വിശുദ്ധ വേദപുസ്തകം നാം പരിശോധിക്കുമ്പോൾ, ദൈവം തന്നെ ആരാധിക്കാനായി സൃഷ്ടിച്ച ആത്മീയരായ ദൂതന്മാരിൽ ഒരുകൂട്ടം നിഗളിച്ച് ദൈവത്തോട് പാപം ചെയ്ത് സാത്താന്മാരായി മാറി. ഇവിടെ സാത്താനായി തീർന്ന ദൂതൻ ഹൃദയത്തിൽ പറയുന്നത് ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും, സമാഗമ പർവ്വതത്തിൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോട് സമനാകും(യേശയ്യ 14:12-14). ഇവിടെ അഞ്ചു പ്രാവശ്യം സാത്താൻ ഞാൻ, ഞാൻ എന്നു പറഞ്ഞ് തന്നെത്തന്നെ ഉയർത്തുന്നു. നിഗളിക്കുന്നു. ഏതു പാപത്തിന്റെയും മൂലപാപം നിഗളമാണ്.

എന്നാൽ ജോൺ 3:30ൽ യോഹന്നാൻ സ്നാപകൻ പറയുന്നു. അവനോ വളരേണം, ഞാനോ കുറയേണം. അതായത് നാം കൃസ്തുവിൽ പൂർണ്ണമായി മറഞ്ഞിരിക്കുകയും, കർത്താവ് ഉയർത്തപ്പെടുകയും വേണം. അതുപോലെ അവന്റെ ചെരുപ്പിന്റെ വാർ കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല എന്ന് യോഹന്നാൻ സ്നാപകൻ പറയുന്നു. അതുകൊണ്ട് യേശു പറഞ്ഞു നിങ്ങൾ മരുഭൂമിയിൽ ആരെക്കാണാൻ പോയി. പ്രവാചകനിലും വലിയവനെത്തന്നെ. ന്യായപ്രമാണത്തിന്റെ അവസാന കണ്ണിയായ യോഹന്നാൻ സകല പ്രവാചകൻമാരിലും വലിയവനാണ് എന്ന് യേശു സാക്ഷിക്കുന്നു. അദ്ദേഹം ഒരു അത്ഭുതമോ, അടയാളമോ, വീര്യ പ്രവർത്തികളോ ചെയ്തില്ല. എന്നിട്ടും യേശു പറഞ്ഞു പ്രവാചകന്മാരിൽ വലിയവൻ യോഹന്നാനാണെന്ന്. കാരണം അദ്ദേഹം താഴ്മയുള്ളവനായിരുന്നു. നിഗളത്തിന്റെ വിപരീത പദമാണ് താഴ്മ. വി. ലൂക്കോസ് സുവിശേഷം 18-ാം അദ്ധ്യായ ത്തിൽ ഒരു പരീശന്റെയും, ചുങ്കക്കാരനായ ഒരു പാപിയുടെയും പ്രാർത്ഥന നാം ശ്രദ്ധിക്കുമ്പോൾ ഞാൻ ഉപവസിക്കുന്നവൻ, ഞാൻ പ്രാർത്ഥിക്കുന്നവൻ, ഞാൻ എല്ലാത്തിനും ദശാംശം കൊടുക്കുന്നവൻ. ഞാൻ ചുങ്കക്കാരനെപ്പോലെയല്ല. ഇവിടെ പരീശൻ തന്നെത്തന്നെ ഉയർത്തുന്നു. അവന്റെ പ്രാർത്ഥന ദൈവം ചെവിക്കൊണ്ടില്ല. തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന് കർത്താവും പറയുന്നു. ആകയാൽ നമ്മിലുള്ള സ്വയത്തെ നാം ക്രൂശിക്കണം. ഉന്നതഭാവത്തെ നാം നമ്മിൽ നിന്നും മാറ്റി നിർത്തണം. നിഗളികളോട് ദൈവം എതിർത്തു നിൽക്കുന്നു എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ഏറ്റവും വലിയ പാപമാണ് നിഗളം. പുറമേ താഴ്മ ധരിക്കുന്ന പലരുടെയും ഹൃദയം നിഗളം കൊണ്ട് നിറഞ്ഞതായിരിക്കും. താഴ്മ യഥാർത്ഥമായിരിക്കണം. പിശാച് തന്നെത്തന്നെ ഉയർത്തി. എന്നാൽ കർത്താവായ യേശുവോ സ്വർഗ്ഗത്തിലെ സകല മഹിമകളും വെടിഞ്ഞ് ദാസരൂപമെടുത്ത് വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്തന്നെ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ട് യേശുവിൽ നിന്ന് നാം താഴ്മ പഠിക്കണം. നമ്മിൽ പലരും മറ്റുള്ളവരെ കാണുമ്പോൾ കാണിക്കുന്ന താഴ്മ യഥാർത്ഥ താഴ്മയാണോ എന്ന് ഈ ദിവസങ്ങളിൽ ഒന്നു പരിശോധിക്കുക. മറ്റുള്ളവർ അംഗീകരിക്കേണ്ടതിന് നാം താഴ്മ ധരിക്കാറുണ്ടോ? നമ്മുടെ ആത്മീയ ജീവിതത്തിലും ഹൃദയംകൊണ്ട് അഹങ്കരിക്കുന്ന പലരേയും നമുക്കു കാണാം. ഞാൻ പ്രാർത്ഥിച്ചപ്പോൾ അത്ഭുതം, ഞാനുള്ളപ്പോൾ പ്രവർത്തനം നല്ലത്. ഞാൻ ചെയ്തു ഇവിടെയല്ലോ എന്നിൽ മറഞ്ഞുകിടക്കുന്ന സ്വയം പുകഴ്ച നമുക്കു കാണാം. ഈ സ്വഭാവം നമ്മിൽ നിന്നു മാറുമ്പോളാണ് നാം യഥാർത്ഥത്തിൽ ആത്മീകനാകുന്നത്. അഭിഷിക്തനായ കെരൂബ് ജ്ഞാനസമ്പൂർണ്ണനായിരുന്നു. അവന് സകലവാദ്യങ്ങളും വായിക്കാനറിയാം. സ്വർണ്ണം കൊണ്ട് നിർമ്മിച്ചിരുന്ന സൗന്ദര്യ സമ്പൂർണ്ണനായിരുന്നു അതുകൊണ്ട് അവൻ നിഗളിച്ചു. ദൈവം അവനെ ദേവപർവ്വതത്തിൽ നിന്ന് തള്ളിക്കളഞ്ഞു (യഹസ്കേൽ 28:14). അതുകൊണ്ട് നമുക്ക് വിദ്യാഭ്യാസത്തിൽ, ജോലിയിൽ, സമ്പത്തിൽ, അധികാരത്തിൽ, ബുദ്ധിയിൽ, സൗന്ദര്യത്തിൽ നാം നിഗളിക്കുകയോ, അഹങ്കരിക്കുകയോ അരുത്. ഇതെല്ലാം ദൈവം നമുക്കു ദാനമായി തന്നതാണ്. അഹങ്കരിക്കാൻ ഒന്നുമില്ല. ഇക്കാര്യങ്ങളിൽ നമുക്ക് വീഴ്ച പറ്റിയെങ്കിൽ അനുതപിച്ച് നമുക്കു മടങ്ങിവരാം. നമ്മുടെ അനുഗ്രഹത്തിനു തടസ്സമായിരിക്കുന്നത് ഈ നിഗള സ്വഭാവമാണ് എന്ന് തിരിച്ചറിഞ്ഞ് ഈ നോമ്പുകാലത്ത് നമുക്ക് യഥാസ്ഥാനപ്പെടാം. അതിനു കർത്താവ് നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

***നിങ്ങളുടെ ഇടമ്പാടത്തച്ചൻ***

1-ാം പേജിൽ നിന്നും തുടർച്ച...

ഉടനെ ഡോക്ടർക്ക് ആളയച്ചുവരുത്തി ശരിയായ വൈദ്യപരിശോധന നടത്തി. അയാൾ പൂർണ്ണ ആരോഗ്യവാനാണെന്നും ഒന്നും ഭയപ്പെടാനില്ലെന്നും ഡോക്ടർ പറഞ്ഞു. എന്തായാലും അയാൾ ഡോക്ടർക്ക് നല്ല ഫീസ് കൊടുക്കാമെന്നു പറഞ്ഞ് നിർബന്ധിച്ച് ആ രാത്രി തന്നോടുകൂടെ താമസിപ്പിച്ചു. നേരം വെളുത്ത് ആറുമണി കഴിഞ്ഞു. തോട്ടം മുതലാളി മരിച്ചില്ല.

അയാളുടെ മനസ്സിനു വളരെ സമാധാനം തോന്നിയെങ്കിലും ഈ സംഭവം ആത്മീയ കാര്യങ്ങളെ കുറിച്ച്, പ്രത്യേകിച്ച് തന്റെ ആത്മാവിന്റെ സ്ഥിതിയെക്കുറിച്ച് ചിന്തിപ്പാൻ തക്കവണ്ണം അയാളെ സുബോധവാനാക്കിത്തീർത്തു. അയാൾ ഡോക്ടറോടു പറഞ്ഞു. “എന്റെ തോട്ടത്തിലുള്ള കുടിലിൽ പാർക്കുന്ന ദൈവഭക്തനായ ഒരു നീഗ്രോ ഉണ്ട്. താങ്കൾ പോകുന്നതിനുമുമ്പേ നമുക്കൊരുമിച്ച് അവനെ ഒന്ന് സന്ദർശിക്കുന്നത് നന്നായിരിക്കും. അവൻ എനിക്ക് ഏറ്റവും പ്രിയനായ അടിമയാണ്. അവന്റെ ജീവിതം വാസ്തവത്തിൽ ഒരത്ഭുതം തന്നെയാണ്”. അവർ ഒരുമിച്ച് ആ കുടിലിനുമുമ്പിൽ ചെന്ന് വാതിലിൽ മുട്ടി. യാതൊരനക്കവുമില്ല. വീണ്ടും മുട്ടി. നിശ്ശബ്ദത! ഒടുവിൽ കതകു തള്ളിത്തുറന്ന് അവർ അകത്തു പ്രവേശിച്ചു. അതാ, ഒരു പഴയ തടിക്കട്ടിലിൽ ആ ഭക്തനായ മനുഷ്യന്റെ മൃതശരീരം കിടക്കുന്നു! ഡോക്ടർ പരിശോധിച്ചിട്ട് ഏകദേശം ഒരുമണിക്കൂർ മുമ്പ് അയാൾ മരിച്ചിരിക്കണം എന്നു പറഞ്ഞു. തോട്ടം ഉടമസ്ഥൻ തന്റെ വാച്ചു നോക്കി. കൃത്യം ഏഴുമണി. തന്റെ സ്വപ്നം യഥാർത്ഥമായി എന്നയാൾക്ക് ബോധ്യമായി. താൻ ഭയപ്പെട്ടതുപോലെ തന്നെ ഏറ്റവും സമ്പന്നനായ മനുഷ്യൻ കൃത്യം ആറുമണിക്കു മരിച്ചു എന്നാൽ തന്നെപ്പോലെ ലോകപ്രകാരമല്ല, ദൈവികമായി സമ്പന്നനായിരുന്ന മനുഷ്യൻ.

**യഥാർത്ഥമായി നീ സമ്പന്നനോ എന്നു ചിന്തിക്കുക.**

---

ദൈവമുമ്പാകെ സമ്പന്നനാകുന്നത് ലോകത്തിൽ സമ്പന്നനാകുന്നതിനേക്കാൾ എത്രയോ അഭികാമ്യം.

---

കടപ്പാട്: ‘പ്രതിദിന ധ്യാന ചിന്തകൾ’

ധ്യാന നിമിഷങ്ങൾ

# ഉദാത്തമായ ഒരു പ്രാർത്ഥന

ഫാ. റ്റി. ജെ. ജോഷ്വ

"എന്റെ നാഥാ! എന്നെ അവിടത്തെ ശാന്തിയുടെ ദൂതനാക്കണമേ! വദ്വേഷമുള്ളിടത്തു സ്നേഹം വിതയ്ക്കുവാൻ, ദ്രോഹം ചെയ്യുന്ന വർക്കു മാപ്പേകുവാൻ എന്നെ ഉപകരണമാക്കണമേ" !

സംശയാലുക്കൾക്ക് വിശ്വാസദാർഢ്യവും, നിരാശയിൽ നട്ടം തിരിയുന്നവർക്ക് പ്രത്യാശയും, അന്ധകാരത്തിലിരിക്കുന്നവർക്ക് പ്രകാശവും, ദുഃഖിതർക്ക് സന്തോഷവും നൽകുവാൻ എന്നെ നിയോഗിക്കണമേ!

ദിവ്യ നാഥാ! മറ്റുള്ളവരാൽ ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ അവരെ ആശ്വസിപ്പിക്കുന്നതിന് എനിക്ക് കരുത്തേകണമേ! മറ്റുള്ളവരാൽ മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും, സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും എനിക്കിടയാക്കണമേ !

എന്തുകൊണ്ടെന്നാൽ, കൊടുക്കുമ്പോഴാകുന്നു ഞങ്ങൾക്കു ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാകുന്നു ഞങ്ങൾക്ക് ക്ഷമിച്ചു കിട്ടുന്നത്. ഞങ്ങൾ മരിക്കുന്നതിൽ കൂടിയാകുന്നു നിത്യപ്രകാശത്തിലേക്ക് ഞങ്ങൾ ജനിക്കുന്നത് ".

രചിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളിൽ ഏറ്റവും പ്രസിദ്ധമായ ഒന്നാണിത്. ഈ പ്രാർത്ഥന രചിച്ച അസീസിയിലെ വിശുദ്ധനായ ഫ്രാൻസിസ് എട്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച ആളാണ്. ആത്മീയതയുടെയും, ധാർമ്മികതയുടെയും ഉന്നത സോപാനത്തിൽ ചരിക്കുവാൻ ആരുടെയും ഹൃദയത്തിൽ നിന്നുയരേണ്ട വാക്കുകളാണിവ.

പ്രാർത്ഥനയുടെ യഥാർത്ഥമായ അന്തഃസത്തയിലേക്ക് ഇതിറങ്ങിച്ചെല്ലുന്നു. പലർക്കും പ്രാർത്ഥനയെന്നുള്ളത് കൃപകളും, സഹായങ്ങളും പ്രാപിക്കുവാനുള്ള മുഖാന്തരം മാത്രമാണ്. പ്രാർത്ഥനയെപ്പറ്റി അവിലായിലെ വിശുദ്ധ ത്രേസ്യ പറയുന്നത് ശ്രദ്ധിക്കുക. "നിങ്ങളുടെ പ്രാർത്ഥനകളെല്ലാം ഒന്നിലേക്ക്, ഒന്നിലേക്കു മാത്രമായി ഏകാഗ്രമാക്കുക". അതായത് നിങ്ങളുടെ ഹിതം ദൈവത്തിനു പൂർണ്ണമായും പൊരുത്തപ്പെടുത്തുന്നതിൽ വി. ഫ്രാൻസീസിന്റെ പ്രാർത്ഥനയിൽ എന്തെങ്കിലും അനുഗ്രഹങ്ങൾക്കായുള്ള അപേക്ഷയില്ല. മറിച്ച്, ദൈവഹിതം നിറവേറ്റാനുള്ള മാധ്യമമാക്കി തീർക്കണമേ എന്നുള്ള അഭിവാഞ്ഛ മാത്രമാണുള്ളത്. ഈ ഉദാത്തമായ മനോഭാവം ആത്മപ്രകാശനത്തിലുള്ള ആദ്യപടിയായി കരുതാം.

വിദ്വേഷമുള്ളിടത്ത് സ്നേഹം വിതയ്ക്കാനും, നിരാശയുള്ളിടത്ത് പ്രത്യാശയും, അന്ധകാരമുള്ളിടത്ത് പ്രകാശവും പരത്താനും ഉപകരണമാക്കണമേ എന്നു പ്രാർത്ഥിക്കുമ്പോൾ നമ്മെ ബന്ധിച്ചിട്ടിരിക്കുന്ന ബാലിശ ഭാവങ്ങളിൽ നിന്നും, സ്വാർത്ഥ താത്പര്യങ്ങളിൽ നിന്നുമുള്ള വിമുക്തിയാണ് നാം അഭിലഷിക്കുന്നത്. അപ്പോൾ ദൈവസ്നേഹത്തിന്റെ അതിശക്തമായ ചാനലായി നാം മാറുകയാണ്.

നാം ഒറ്റപ്പെട്ടവരോ അശരണരോ അല്ല എന്നുള്ള ബോധ്യമാണ് പ്രാർത്ഥനയിലുള്ളത്. അപകടങ്ങളിൽ നിന്നും സംരക്ഷണമല്ല, അവയെ അതിജീവിക്കാനുള്ള ശക്തിയാണ് നമുക്കാവശ്യം. വേദനയെ നീക്കണമെന്നല്ല, അതിനെ കീഴടക്കാനുള്ള ശക്തിയാണ് വേണ്ടത്.

ഫ്രാൻസിസിന്റെ പ്രാർത്ഥന ദൈനംദിന ജീവിതത്തിന് ആശ്വാസം നൽകുവാനും, ശരിയായ ധാരണവരുത്തുന്നതിനും, ക്ഷമ നൽകുന്നതിനും, കർമ്മനിരതത കൈവരുത്താനുമാണ്. അതിനുള്ള കഴിവ് ദൈവം നമുക്ക് നൽകിയിട്ടുണ്ട്. നാമതു പ്രാവർത്തികമാക്കാത്തതാണ് നമ്മുടെ വീഴ്ച. ഈ പ്രാർത്ഥന നാം ഉരുവിടുന്നതിൽ കൂടി ആത്മീയ വളർച്ചയിലേക്ക് നാം കടക്കുകയാണ്. അതു നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന അത്ഭുതശക്തിയായി മാറുന്നു.

ഒരു ഗുരു തന്റെ ശിഷ്യനോടു പറഞ്ഞു. "ദൈവം എവിടെയുണ്ടെന്നു നീ പറയുമെങ്കിൽ നിനക്കു ഞാനൊരു ഓറഞ്ചു തരാം". ശിഷ്യൻ മറുപടി പറഞ്ഞു. "ദൈവമില്ലാത്ത ഇടം ഏതാണെന്നു പറയാമെങ്കിൽ ഞാൻ രണ്ട് ഓറഞ്ച് അങ്ങയ്ക്കു തരാം". അതിന്റെ അർത്ഥം ദൈവം എല്ലായിടത്തും ഉണ്ടെന്നാണ്. നാം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ സർവ്വ വ്യാപിയായ അവിടത്തോടു ചേർന്നുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

അനുദിനം ഈ പ്രാർത്ഥന ഉരുവിടുന്നത് അത്യന്തം സഹായകമാണ്. ആരോടെങ്കിലും ഏറ്റുമുട്ടലോ അഭിപ്രായ സംഘട്ടനമോ ഉണ്ടായാൽ ആർദ്രതയുടെയും, സ്നേഹത്തിന്റെയും സമീപനത്തിനായി യത്നിക്കുക. വിദ്വേഷത്തിന്റെയും ഈർഷ്യയുടെയും രംഗങ്ങളിൽ സ്നേഹം പകരുവാൻ ശ്രമിക്കുക. കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്ന തത്വം നടമാടുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്നേഹസന്ദേശം പ്രാവർത്തികമാക്കുക അത്ര എളുപ്പമല്ല. എങ്കിലും അത് അസാദ്ധ്യമല്ല. സ്വന്തം ഹൃദയത്തിലേക്കു കടന്ന് ആരോടെങ്കിലും വിദ്വേഷമോ, പകയോ പുലർത്തിയിട്ടുണ്ടോ എന്ന് നോക്കി മോചനവും ക്ഷമയും പ്രാവർത്തികമാക്കുക. ആ പ്രാർത്ഥനയുടെ ചിന്താധാരയിലേക്ക് ഇറങ്ങി അതിൽ നിന്ന് ഉത്തേജനം ഉൾക്കൊള്ളാൻ നമുക്കു സാധിക്കട്ടെ! ■

# The Rent

**Petson Peter C**

Everything looks fine when the Church committee met for its normal business as all the issues discussed in the previous meetings were solved to the satisfaction of the members. The secretary after the minutes reading introduced a novel idea before the committee of constituting a Charitable Fund by taking a collection from the Parish members on monthly basis. He also elaborated the nature of working of the scheme, that the funds collected in this manner can be distributed to the needy, based on the merit of the cases determined by a screening committee.

An eloquent member promptly welcomed the idea and suggested to distribute the first collection to a family known to him residing in the suburbs of the city. He further explained the pathetic condition of the family with an emphasis of their rent arrears due to the house owner without failing to express his apprehensions of the family becoming homeless if the owner turns them out.

The Vicar of the Church who was presiding the meeting agreed to visit the family and assured the member that anything possible will be done from the Church's fund even without waiting for the formation of the new charity fund.

Days passed by and on one Sunday evening the Vicar was on a house visiting mission. At one stretch he visited four to five houses of the Parish members before landing in the same house of the needy family mentioned by the honourable Committee member a few days back. As he entered the house, the head of the family greeted and led him to the drawing room. At this moment a person stood up from the chair in the sit out as a mark of respect to the clergy. The priest was surprised to see the Committee member at the same house for whom he made sympathetic recommendations and enquired about the purpose of his visit. The reply came from the occupant that the member came there to collect the arrears of rent due to him by all his means even to the extent of forcing them to vacate. The member's face turned white and hiding a shameful smile admitted the fact that he is the owner of the house ■

A Saint asked his disciples, 'Why do we shout in anger? Why do people shout each other when they are upset?'

Disciple thought for a while, one of them said, 'Because we lose our calm, we shout for that.'

'But, why to shout when the other person is just next to you'? asked the saint. 'Isn't it possible to speak to him or her with a soft voice? Why do you shout at a person when you're angry?'

Disciples gave some other answers but none satisfied the saint.

Finally he explained, "When two people are angry at each other, their hearts distance a lot. To cover that distance they must shout to be able to hear each other. The angrier they are the stronger they will have to shout to hear each other through that great distance". Then the saint asked, 'What happens when two people fall in love? they don't shout at each other but talk softly, why? Because their hearts are very close. The distance between them is very small.

The saint continued.."When thy love each other even more, what happens? They do not speak, only whisper and they get even close to each other in their love. Finally they even need not whisper, they only look at each other and that's all. That is how close two people are when they love each other.

*MORAL: When you argue do not let your hearts get distant, do not say words that increases the distances with each other.*

## കുടുംബ വിശേഷങ്ങൾ





എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ മാർച്ച് മാസത്തെ വിതരണം, യൂഹാനോൻ മാർ പോളികാർപ്പസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചപ്പോൾ. വികാരി ഫാ. എടമ്പാടം, ജനറൽ ആശുപത്രിയിലെ ഡോക്ടർമാർ എന്നിവർ സമീപം.

### സുവിശേഷയോഗം

കത്തീഡ്രലിൽ 23-3-2009 തിങ്കൾ മുതൽ 25-3-09 വരെയുള്ള ദിവസങ്ങളിൽ സുവിശേഷ ഘോഷണവും, ഗാനശുശ്രൂഷയും നടത്തി. ഫാ. സക്കറിയാ തോമസ്, ഫാ. സജി അമയിൽ, ഫാ. മോഹൻ ജോസഫ് എന്നിവർ ഓരോദിവസത്തെയും യോഗ നടപടികൾ നയിക്കുകയും ധ്യാനപ്രസംഗം നടത്തുകയും ചെയ്തു. ധാരാളംപേർ ഇതിൽ സംബന്ധിക്കുകയും ആദ്ധ്യാത്മികനേട്ടം ഉണ്ടാക്കുകയും ചെയ്തു.

### അനുമോദനം



ശ്രീ. ചാക്കോഫിലിപ്പിന്റെയും, മറിയാമ്മ ചാക്കോയുടെയും മകൾ ക്രിസ്റ്റീന മറിയം ചാക്കോ അഖില കേരള ബാലജനസഖ്യത്തിന്റെ എറണാകുളം മേഖലാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

നമ്മുടെ ഇടവകാംഗവും, ചർച്ച് സൺഡേസ്കൂൾ വിദ്യാർത്ഥിനിയുമാണ്.

### നിര്യാതയായി

കടവന്ത്ര പുതിയാപറമ്പത്ത് ശ്രീമതി മേരി ഏബ്രഹാം (82) 29-03-09 ൽ നിര്യാതയായി. സംസ്കാരം 30-3-2009 ൽ എളംകുളം സെമിത്തേരിയിൽ നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.*

### വിശേഷദിവസങ്ങൾ

**ഏപ്രിൽ**

9 വ്യാഴം : പെസഹാ വ്യാഴാഴ്ച
10 വെള്ളി : ദുഃഖ വെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച)
11 ശനി : ദുഃഖ ശനിയാഴ്ച. 11 മണിക്ക് മൂന്നാം മണി, മദ്ധ്യാഹ്നം, വി. കുർബാന
12 ഞായർ : ഉയർപ്പ് ഞായറാഴ്ച (ക്യംതാ)
19 ഞായർ : പുതുഞായറാഴ്ച
23 വ്യാഴം : വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ

**മെയ്**

3 ഞായർ : മോറാൻ മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മ



മലങ്കര വർഗ്ഗീസ് കൊലപാതകികളെ സി.ബി.ഐ. എത്രയുംപെട്ടെന്ന് വെളിച്ചത്തു കൊണ്ടുവരണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി ജംഗ്ഷനിൽ അങ്കമാലി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 26-03-09 ഞായറാഴ്ച നടത്തിയ ഉപവാസം



ഹൈക്കോടതി ജംഗ്ഷനിലെ ഉപവാസശേഷം മെത്രാപ്പോലീത്തമാരായ യൂഹാനോൻ മാർ പോളി കാർപ്പസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവരും സഭാ സെക്രട്ടറി ജോർജ് ജോസഫും കത്തീഡ്രലിൽ വിശ്രമിക്കുന്നു.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website:* *www.stmarysorthodoxcathedralekm.org*** ***Email:* *georgekaithayil@yahoo.com***

***For Private Circulation only***